"Plan well today, succeed tomorrow."

# ACADEMIC MASTER PLAN 2025-26

# GMUPS KANNAMANGALAM




## Introduction

The School Academic Master Plan is a structured guide designed to improve the quality of teaching and learning across all classes and subjects. It outlines clear goals, teaching strategies, and assessment methods to ensure every student achieves academic success. This plan helps teachers stay organized, promotes consistent learning, and supports overall school improvement.

# ആമുഖം

കണ്ണമംഗലം പഞ്ചായത്തിന്റെ ഹൃദയഭാഗത്തു അറിവിന്റെ തിരിനാളങ്ങൾ തെളിയിച്ചുകൊണ്ട് ഇപ്പോഴും നിലനിൽക്കുന്ന വിദ്യാലയമാണ് ജി എം. യു. പി.സ്കൂൾ കണ്ണമംഗലം.ഈ സ്കൂളിന്റെ മനോമുകുരത്തിൽ ജ്വലിച്ചു നിൽക്കുന്നത് അഗാധ പണ്ഡിതനും ആദർശത്തിന്റെ പ്രതിരൂപവുമായിരുന്ന പുള്ളാട്ട് അഹമ്മദ് കുട്ടി മുസ്ലിയാരുടെ നാമമാണ്. അദ്ദേഹമാണ് വിജ്ഞാനത്തിന്റെ വിശാല ലോകത്തേക്ക് വീഥിയൊരുക്കാൻ 1924 ഡിസംബർ മൂന്നിന് താൽക്കാലികമായി നിർമ്മിച്ച ഓലപ്പുരയിൽ കണ്ണമംഗലം ബോർഡ് മാപ്പിള എലമെന്ററി സ്കൂൾ എന്ന പേരിൽ ഈ സ്ഥാപനത്തിന് തുടക്കം കുറിച്ചത്.

നിലവിൽ  അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ എൽ പി വിഭാഗത്തിൽ 10 സ്ഥിരാധ്യാപകരും യുപി വിഭാഗത്തിൽ  8 സ്ഥിരാധ്യാപകരും 4 ദിവസ വേതനാടിസ്ഥാനത്തിലുള്ള അധ്യാപകരും, ഓഫീസ് അസിസ്റ്റന്റ്,PTCM എന്നിവരും സേവനമനുഷ്ഠിക്കുന്നു. കൂടാതെ മികച്ച നിലവാരം പുലർത്തുന്ന പ്രീ പ്രൈമറിയും വിദ്യാലയത്തിൽ ഉണ്ട്. അറുപതിലധികം കുട്ടികൾ ഇവിടുത്തെ പ്രീ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്നുണ്ട്.

ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ അപേക്ഷിച്ച് ഒട്ടേറെ പരിമിതികൾ വിദ്യാലയത്തിനുണ്ടെങ്കിലും അക്കാദമിക മികവുകൾ കൊണ്ട് മുന്നേറ്റത്തിന്റെ പാതയിലാണ് ഇന്നുള്ളത്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് അക്കാദമിക രംഗത്തും കലാകായിക ശാസ്ത്രരംഗത്തും മികവ് വർദ്ധിപ്പിക്കാൻ വിദ്യാലയത്തിന് സാധിക്കുന്നു. സ്കോളർഷിപ്പ് പരീക്ഷകളും മറ്റു മത്സര പരീക്ഷകളും ആത്മവിശ്വാസത്തോടെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് വേണ്ടി മെച്ചപ്പെട്ട പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാൻ വിദ്യാലയത്തിന് സാധിക്കുകയും ചെയ്യുന്നു. അക്കാദമി കരംഗത്തെ മികവിന് കാരണം കൃത്യമായ ആസൂത്രണവും അതിനനുസരിച്ചുള്ള പ്രവർത്തനവുമാണ്. അക്കാദമിക  മികവിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ പിടിഎ, മാനേജ്മെന്റ്, നാട്ടുകാർ, ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത്, ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണ്ണ സഹകരണം ഉറപ്പുവരുത്താൻ  സാധിക്കുന്നു. ഒട്ടേറെ പുതുമകളോടെയാണ് ഈ അധ്യയന വർഷം വിദ്യാലയം കുട്ടികളെ വരവേറ്റത്. നവീകരിച്ച ഐടി ലാബ്, ലൈബ്രറി, പുതിയ ക്ലാസ്മുറികൾ, പ്രീ പ്രൈമറി പാർക്ക് തുടങ്ങി വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളിൽ ഏറെ പുരോഗതിയുണ്ടായി രിക്കുന്നു.

അക്കാദമിക മികവുകൾ നിലനിർത്തിക്കൊണ്ട് മുന്നേറാനും മെച്ചപ്പെട്ട പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും വേണ്ടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ ഓരോ പ്രവർത്തനവും കൃത്യമായി നടപ്പിലാക്കിക്കൊണ്ട് ഗുണകരമായ മാറ്റങ്ങൾ വിദ്യാർത്ഥികളിൽ ഉണ്ടാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

GMUPS Kannamangalam 2025-26

# INDEX


| Sl NO | Subject | Page |
|---|---|---|
| 1 | മലയാളം | 4 |
| 2 | ENGLISH | 6 |
| 3 | ഗണിതം | 7 |
| 4 | സോഷ്യൽ സയൻസ് | 9 |
| 5 | അടിസ്ഥാന ശാസ്ത്രം | 11 |
| 6 | ഹിന്ദി | 12 |
| 7 | ഉർദു | 13 |
| 8 | അറബി | 14 |
| 9 | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | 16 |
| 10 | കലാവിദ്യാഭ്യാസം | 16 |
| 11 | ആരോഗ്യ- കായിക വിദ്യാഭ്യാസം | 17 |


GMU 2025-26

## അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

**കുട്ടികളിൽ** വിവിധ ഭാഷാശേഷികൾ ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കുന്നതിലൂടെ അടിസ്ഥാന ഭാഷകൾ സ്വായത്ത മാക്കുന്നതിനും വായനയോട് താല്പര്യം ഉണ്ടാക്കുന്നതിനും സ്വതന്ത്ര രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള കഴിവ് നേടുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| **വായനച്ചങ്ങാത്തം**<br><br>*കുട്ടികളുടെ വായനശേഷി വികസിപ്പിക്കൽ* | • ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>• പത്രവായന<br>• ചങ്ങാതിവായന- വായനയിൽ പ്രയാസം നേരിടുന്നവരെ കൂട്ടുകാർ സഹായിക്കുന്നു.<br>• കുഞ്ഞുവായന- വായനക്കാർഡുകൾ തയ്യാറാക്കൽ<br>• ചങ്ങല വായന<br>• റീഡേഴ്സ് തിയേറ്റർ<br>• കഥ പറയൽ<br>• അമ്മയ്ക്കൊരു പുസ്തകം<br>• വായന വാരത്തോടനുബന്ധിച്ച്<br>• അമ്മ വായന പ്രോത്സാഹിപ്പിക്കുന്നു. അമ്മയ്ക്ക് പുസ്തകം നൽകി വായനാദിനത്തിൽ ഉദ്ഘാടനം നടത്തുന്നു.<br>• ചിത്രവായന<br>• ഐ സി ടി സാധ്യതകൾ ഉപയോഗിച്ചും ടീച്ചറുടെ അവതരണത്തിലൂടെയും കഥകളും പാട്ടുകളും കേൾക്കാൻ അവസരമൊരുക്കൽ<br>• വായനക്കുറിപ്പ് തയ്യാറാക്കൽ<br>• പുസ്തക പരിചയം | അധ്യാപകർ , PTA, SRG |
| **രചനോത്സവം**<br>കുട്ടികളുടെ രചനാ ശേഷി പരിപോഷിപ്പിക്കൽ<br>ചിന്തകളും വികാരങ്ങളും എഴുത്തിലൂടെ പ്രകടിപ്പിക്കൽ<br>നേടിയ അറിവ് സ്വതന്ത്രമായി എഴുതി പ്രകടിപ്പിക്കാനുള്ള ശേഷി കൈവരിക്കൽ | • സംയുക്ത ഡയറി<br>• സചിത്ര പുസ്തകം<br>• കഥാപൂരണം ( നൽകിയിരിക്കുന്ന കഥ കുട്ടികളുടെ ഭാവനക്കനുസരിച്ച് പൂർത്തിയാക്കുക)<br>• സർഗ്ഗാത്മക ഡയറി<br>• സ്വന്തം യാത്രാനുഭവങ്ങൾ എഴുതി പങ്കുവെക്കൽ<br>• ക്ലാസ് പത്രം<br>• രചന പരിചയക്കുറിപ്പ് തയ്യാറാക്കൽ<br>• കവിതാരചന<br>• ക്ലാസ്സ് മാഗസിൻ തയ്യാറാക്കൽ<br><br>• **കുഞ്ഞെഴുത്തുകൾ**<br>കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുന്നതിനും സർഗാത്മകത പരിപോഷിപ്പിക്കുന്നതിനുമായി സ്വതന്ത്ര രചനകൾ നടത്തുന്നു. കുഞ്ഞെഴുത്തുകൾ എന്ന പേരിൽ പ്രദർശിപ്പിക്കുന്നു. മികച്ചവ ചേർത്ത് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | അധ്യാപകർ , മലയാളം ക്ലബ്ബ് |
| **സർഗോത്സവം** | • വിവിധ പാഠഭാഗങ്ങളിലൂടെ നേടിയെടുത്ത ശേഷികൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ | |

GMUPS Kunnamangalam 2025-26

| | | |
|---|---|---|
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ സ്വതന്ത്രമായി അവതരിപ്പിക്കൽ<br>ഭാഷ പഠനത്തെ കലാ പ്രവൃത്തി പരിചയം പഠനവുമായി ബന്ധിപ്പിക്കൽ | അവതരിപ്പിക്കൽ<br>- റോൾപ്ലേ<br>- പാവനാടകം<br>- യാത്രാനുഭവ വിവരണം<br>- ഭാവാത്മക വായന<br>- കാവ്യോത്സവം<br>- കവിതക്ക് താളം കണ്ടെത്തി അവതരിപ്പിക്കൽ<br>- പാഠഭാഗങ്ങളുടെ ചിത്രീകരണം<br>- പ്രസംഗ മത്സരം<br>- കവിതകളുടെ ദൃശ്യാവിഷ്കാരം<br>- ശില്പശാലകൾ<br>- ഒറിഗാമി | അധ്യാപകർ , SRG, PTA<br><br>രക്ഷിതാക്കൾ |
| **വിജയസ്പർശം**<br>കുട്ടികളിലെ ഭാഷ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷ പരമായി എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടി പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കിയ പ്രവർത്തനങ്ങൾ നൽകുന്നു.<br>• വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• കൃത്യമായ ഇടവേളകളിൽ വിലയിരുത്തലുകൾ നടത്തുന്നു | അധ്യാപകർ |
| **ഡിജിറ്റൽ മലയാളം**<br>ഭാഷാ പഠനത്തിൽ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തൽ | • പാഠഭാഗങ്ങളുടെ ഓഡിയോ വീഡിയോ പ്രദർശനം<br>• ഭാഷയുമായി ബന്ധപ്പെട്ട കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ<br>• കുട്ടി ബ്ലോഗർ<br>• സ്കൂൾ റേഡിയോ | SRG, അധ്യാപകർ |
| **സാഹിത്യ ചുമർ**<br>സാഹിത്യശേഷികൾ കൈവരിക്കുന്നതിന് | • ദിനാചരണങ്ങളോടനുബന്ധിച്ച് ചുമർപത്രിക, സാഹിത്യകാരന്മാർ, സാഹിത്യ സൃഷ്ടികൾ, കവിത ശകലങ്ങൾ മഹത് വചനങ്ങൾ പുസ്തക പരിചയം, സാഹിത്യ ക്വിസ്, അടിക്കുറിപ്പ് തയ്യാറാക്കൽ ,ചിത്രരചന എന്നിവ സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു.<br>**നാടൻപാട്ട് ശില്പശാല**<br>• മലയാളഭാഷയ്ക്കും സംസ്കാരത്തിനും കരുത്തുപകരുന്ന നാടൻ പാട്ടുകളുമായി സംവദിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു വിദഗ്ധരായ നാടൻപാട്ട് കലാകാരുമൊത്ത് ശില്പശാല സംഘടിപ്പിക്കുന്നു | മലയാളം ക്ലബ്ബ് |
| **പിറന്നാൾ സമ്മാനം- ലൈബ്രറിയിലേക്ക്** | ലൈബ്രറി ശാക്തീകരണം<br>ജന്മദിനത്തിൽ കുട്ടികൾ ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുന്നു. | |

GMUPS Kumaramangalam 2025-26

## ACADEMIC MASTER PLAN ENGLISH 2025-26

English is a global language. It helps students communicate, learn new things and connect with the world.This plan aims to build strong skills in reading, writing, speaking, and Listening.Through stories, grammar, and fun activities, we will make English easy and interesting for all students.

| OBJECTIVES | ACTIVITIES | Duration | Responsibility |
|---|---|---|---|
| English challenge | **Enrichment of vocabularies**<br>We can-Create an English atmosphere. Speak simple English sentences frequently. Uses simple questions and leads to jokes. Prepare some story cards and short videos of it's reading.Share them in WhatsApp group.Celebrate a day in a week as English day.<br><br>Paste some English words on walls, doors, shelves, benches, desks, tables etc ..<br>Makes use of some action songs and games also. | June to March | English club,Teachers and PTA |
| To nourish creativity and aestheticism in English language and literature by raising the confidence level of learners. | **LITERARY CORNER**<br>Setting a literary corner for the enrichment of English learning which is inaugurate on 19 th June. It's a platform for the exhibition of literary elements, literary figures and works, riddles, puzzles,language devices,collocations, idioms etc.<br>Let the learner create story,poems,riddles, captions, dialogues and drawing & colouring pictures (CWSN) according to the hints and instructions given in the literary corner. | 1 year | English club,Teachers and PTA |
| Enable the learner to enrich vocabulary to the maximum number of words. | **VOCABULARY POOL**<br>Write a new word and find out its meaning. Draw / paste a picture related to that word.(CWSN)<br>Make a sentence using this word. | 1 year | English club,Teachers and PTA |
| Enable the learner to speak English freely and fluently. | **ENGLISH ASSEMBLY**<br>**Phase 1 :**Listening-Teacher talk Speaking-Prayer, pledge, news, riddles, diary, quotes of eminent leaders, reader's theatre etc<br>**Phase 2 :** Conduct an English assembly following the procedures, including exhibition of the creative works of the learners. | Weekly once in classroo m and Once in a term school | English club Teachers |

GMUPS Kannamangalam 2025-26

| | | | |
|---|---|---|---|
| | | level | |
| Radio honey | Children are performing their talent like radio jockey,english poem,story narration etc.. | Everyday Lunch break time | English club,Teachers |
| Hello English (English club) | Various club activities Eg-Reader's theatre. | July to February | English club,Teachers and PTA |
| Digi task | Teachers and students are calling each other through mobile phones. They share feelings ,thoughts and events in English.( Whatsapp ) | Frequent ly | English club,Teachers and PTA |
| Frame various real life situations to promote creativity and basic language skills. | **DAZZLING DAYS**<br>As the part of Day Celebrations let the learners engage in<br>♦ Notice making<br>♦ Letter writing<br>♦ wish cards<br>♦ posters and placards<br>♦ sign boards / quotes | 1 year | English club,Teachers and PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

2025-26 അധ്യയന വർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| മുന്നറിവ് പരിശോധന | പ്രീ ടെസ്റ്റ് | SRG | June 2nd week |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ മൂല്യനിർണയം.<br>(ഏണിയും പാമ്പും ഡയസ് കളി)<br>സങ്കലനം- വ്യവകലനം. | ക്ലാസ് ടീച്ചർ,SRG | വർഷം മുഴുവൻ |

GMUPS Kannamangalam 2025-26

| | | | |
|---|---|---|---|
| | (കച്ചവടക്കളി)<br>**ഗണിതത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾക്ക്** | | |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ - കരചലനശേഷി വികാസം | • ഗണിത ശിൽപ്പശാല<br>ടാൻഗ്രാം കാർഡ് നിർമ്മാണവും അവ ഉപയോഗിച്ചുള്ള ചിത്രനിർമ്മാണവും.<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം<br>• ഗണിത പഠനം സുഗമമാക്കാൻസ്കൂൾ ഗണിത ലാബ്, ക്ലാസ് ഗണിത ലാബ് സജ്ജമാക്കൽ<br>• ഗണിതക്ലബ് ശാക്തീകരണം.<br>• ഓരോ ക്ലാസിൽ നിന്നും മൂന്ന് കുട്ടികൾ വീതം ഗണിത ക്ലബ്ബിൽ അംഗങ്ങൾ ആയിരിക്കണം.<br>• ഗണിത ലൈബ്രറി<br>• പുസ്തകങ്ങൾ ശേഖരിച്ച് ഗണിത സാഹിത്യസൃഷ്ടികൾ പരിചയപ്പെടാൻ അവസരം ഒരുക്കുന്നു.<br>• ഗണിതശാസ്ത്രമേള - ഇനങ്ങൾ<br>- നമ്പർ ചാർട്ട്<br>- ജ്യോമെട്രിക്കൽ ചാർട്ട്<br>- ഗണിത പാറ്റേണുകൾ<br>- പസിലുകൾ<br>- ഗെയിം<br>• കുട്ടിച്ചന്ത<br>കുട്ടികൾക്ക് ലളിതവും ആയാസകരവുമായ രീതിയിൽ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വീട്ടിൽ നിന്നുണ്ടാക്കിയ സാധനങ്ങളും, ശേഖരിച്ച വസ്തുക്കളും ഉപയോഗപ്പെടുത്തി സ്കൂൾതലത്തിൽ കുട്ടിച്ചന്ത ഒരുക്കുന്നു.<br>• സ്പീഡ് മാത്സ്<br>• എല്ലാമാസവും ഗണിതക്വിസ്<br>• എല്ലാവർക്കും മാജിക് മാത്സ് നോട്ട്ബുക്ക്.<br>• അസംബ്ലിയിൽ ഒരു ഗണിത പ്രശ്നം അവതരിപ്പിക്കൽ<br>• മാസത്തിൽ ഗണിത ബുള്ളറ്റിനിൽ 10 മനക്കണക്ക് | ക്ലാസ് ടീച്ചർ,SRG , PTA | 2025 ജൂൺ- 2026 ജൂൺ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, അവരെ മുൻനിരയിൽ എത്തിക്കാൻ SRG യിൽ പ്രവർത്തനങ്ങൾ<br>• Maths worksheet<br>• മുന്നേറ്റം ക്ലാസ്സുകൾ<br>• Maths clinic<br>• ഗണിതം ലളിതം-<br>പ്രകൃതിയിലെ ജ്യാമിതികൾ കണ്ടെത്തുന്നതിനും ആസ്വദിക്കുന്നതിനും അവസരം.<br>• പസിൽ,ഗെയിം, കുസൃതി കണക്കുകൾ, കഥ, പാട്ട് എന്നിവയിലൂടെ ഗണിതപഠനം. | ക്ലാസ് ടീച്ചർ,SRG , PTA | 2025 ജൂൺ- 2026 ജൂൺ |
| വിവിധ ശേഷികളുടെ വികസനം | • ദിനാചരണ പ്രവർത്തനങ്ങൾ<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എസ് | ക്ലാസ് ടീച്ചർ,SRG | ആവശ്യാനുസരണം |

GMUPS Kottamangalam 2025-26

| | | | |
|---|---|---|---|
| | ആർ ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.<br>• ഗണിത മാഗസിൻ,<br>ഗണിത ആശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ്-സ്കൂൾതല മാഗസിൻ നിർമ്മാണം. | ,<br>PTA | |
| പ്രതിഭകളായ കുട്ടികളെ ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ പ്രത്യേക പരിശീലനം | ഗണിത ക്വിസ്, Maths Talent search examination, USS, LSS പരിശീലനം | ക്ലാസ് ടീച്ചർ,SRG<br>,<br>PTA | 2025 സെപ്റ്റംബർ - 2026 ഫെബ്രുവരി |

## അക്കാദമിക മാസ്റ്റർ പ്ലാൻ സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| ദേശീയ ബോധവും ദേശാഭിമാനവും കുട്ടികളിൽ വളർത്തുക<br>ദേശീയ ചരിത്രത്തിലും പാരമ്പര്യത്തിലും അഭിമാനം വളർത്തുക<br>ഇന്ത്യയെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ മനസ്സിലാക്കുക<br>വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യ എന്ന് തിരിച്ചറിവ് ഉണ്ടാക്കുന്നു | സ്വാതന്ത്ര്യ സമര സേനാനികളെ പരിചയപ്പെടുത്തൽ<br>സ്വാതന്ത്ര്യ സമരത്തിലെ സുപ്രധാനസഭങ്ങളുടെ വീഡിയോ പ്രദർശനം റോൾപ്ലേ - ഉപ്പ് സത്യാഗ്രഹം ദേശഭക്തിഗാനാലാപനം ഗാന്ധി പതിപ്പ്,സ്വാതന്ത്ര്യ ദിന പതിപ്പ് തയ്യാറാക്കൽ<br>ആശയപടം തയ്യാറാക്കൽ<br>ജിക്സോ- ഇന്ത്യൻ സംസ്ഥാനങ്ങൾ ഭൂപട വായന<br>പദപ്രശ്നം പൂർത്തിയാക്കൽ ലഘുപദ പ്രശ്നങ്ങൾ നിർമ്മിക്കൽ<br>വിവിധ സംസ്ഥാനങ്ങളുടെ കലാരൂപങ്ങൾ,ഭാഷ, ആഘോഷങ്ങൾ തുടങ്ങിയവ പട്ടികപ്പെടുത്തൽ<br>ഇന്ത്യൻ ഭരണഘടന പരിചയപ്പെടൽ. | SRG,PTA, TEACHER | ജൂലൈ - ഓഗസ്റ്റ് |
| ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കാർഷിക സംസ്കാരം വളർത്തി എടുക്കുന്നതിനും | സ്കൂൾ പച്ചക്കറിത്തോട്ടം | SRG,PTA, TEACHER | ജൂലൈ |
| ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ച് ധാരണ നേടുന്നതിനും സാമൂഹ്യശാസ്ത്ര അറിവുകൾ,ചരിത്ര സംഭവങ്ങൾ തുടങ്ങിയവ കുട്ടികളിൽ എത്തിക്കുന്നതിനും. | ദിനാചരണങ്ങൾ<br>• ക്വിസ്<br>• വീഡിയോ പ്രദർശനം •ചരിത്ര സിനിമ പ്രദർശനം | SRG,PTA, TEACHER | വർഷം മുഴുവനും |

GMUPS Kannamangalam 2025-26

| | | | |
|---|---|---|---|
| ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിനും വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നതിനും. | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന്റെ ഭാഗമായി കുട്ടികൾക്ക് ലഹരിയുടെ ഉപയോഗത്തിനെതിരെയും റോഡ് സുരക്ഷ,ഡിജിറ്റൽ അച്ചടക്കം തുടങ്ങിയവയെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | SRG,PTA, TEACHER | അക്കാദമിക വർഷം |
| ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റുന്നതിനും പൗരബോധം, മൂല്യബോധം എന്നിവ വളർത്തുന്നതിനും | സ്കൂൾ പാർലമെന്റ് രൂപീകരണം | SRG, TEACHER | ജൂലൈ |
| സാമൂഹ്യശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യുന്നതിന് | ബുള്ളറ്റിൻ ബോർഡ്<br>• സാമൂഹ്യശാസ്ത്ര ലൈബ്രറി സജ്ജീകരിക്കൽ. | SRG TEACHER | ജൂൺ -ജൂലൈ |
| പ്രാദേശിക ചരിത്രത്തെക്കുറിച്ച് ധാരണ നേടുന്നതിനും പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുന്നതിനും | ഫീൽഡ് ട്രിപ്പ്<br>[ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങൾ] | SRG,PTA, TEACHER | അക്കാദമിക വർഷം |
| അർത്ഥപൂർണ്ണമായ ഭൂപട വായന,സംസ്ഥാനം,രാജ്യം, ലോകം, പ്രധാന സ്ഥലങ്ങൾ, പ്രധാന സംഭവങ്ങൾ എന്നിവയെ കുറിച്ച് ധാരണ നേടുന്നതിന്. | നിറയുന്ന ഭൂപടം [ കേരളം, ഇന്ത്യ, ലോകം എന്നിവയുടെ ഔട്ട്ലൈൻ മാപ്പിൽ പ്രധാന സംഭവങ്ങൾ,നടന്ന സ്ഥലങ്ങൾ എന്നിവ അടയാളപ്പെടുത്തൽ ] | SRG, TEACHER | വർഷം മുഴുവനും ( ക്ലാസ് തലം) |
| സാമൂഹിക സേവനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്. | പാലിയേറ്റീവ് കെയർ ക്ലിനിക്ക് സന്ദർശിക്കൽ<br>മിതവ്യയ ശീലത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ സ്വരൂപിച്ച പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ. | SRG,PTA, TEACHER | ജനുവരി |

GMUPS Kanamangalam 2025-26

## അക്കാദമിക മാസ്റ്റർ പ്ലാൻ അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| ജീവിത സാഹചര്യങ്ങ ളിൽ നിന്നും ചുറ്റുപാടുക ളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br>കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ.<br>പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോ ഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു.<br>. | ശാസ്ത്രാ ധ്യാപകർ, ഊർജ്ജക്ല ബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | അക്കാദമിക വർഷം |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപ കരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈന്റ്<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവത രിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>എക്സ്പ്ലോ-എക്സ്പോർ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലു കൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവ സരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതി നായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | ശാസ്ത്രാ ധ്യാപകർ, ഊർജ്ജക്ല ബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | അക്കാദമിക വർഷം |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര | വിസ്മയ യാത്ര | ശാസ്ത്രാ ധ്യാപകർ, | അക്കാദമിക വർഷം |

GMUPS Ramamangalam 2025-26

| | | | |
|---|---|---|---|
| സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | ഊർജ്ജക്ല ബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |

## അക്കാദമിക മാസ്റ്റർ പ്ലാൻ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| ഹിന്ദിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പഠന പിന്തുണ നൽകുക | 6, 7 ക്ലാസുകളിൽ പ്രീ ടെസ്റ്റ് നടത്തി ഹിന്ദിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് നൽകുക | ഹിന്ദി അധ്യാപി ക | ജൂൺ- ഫെബ്രുവരി |
| അക്ഷര ബോധം ഉറപ്പിയ്ക്കുക | • പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന അക്ഷരങ്ങൾ മനസ്സിലാക്കുക<br>• ഹിന്ദിയിൽ തിരിച്ചറിയൽ കാർഡ് തയ്യാറാക്കുക<br>• അക്ഷര കാർഡ് കാണിച്ച് അക്ഷരങ്ങൾ തിരിച്ചറിയുക<br>• എല്ലാ ആഴ്ചയിലും ഒരു പുതിയ വാക്ക് പരിചയപ്പെടുത്തുക അക്ഷര ബോധം ഉറപ്പിയ്ക്കുക | ഹിന്ദി അധ്യാപി ക,SRG | ജൂൺ- ഫെബ്രുവരി |
| ഹിന്ദി എഴുത്ത് | • പാഠ ഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുക<br>• ആശംസാകാർഡുകൾ തയ്യാറാക്കുക | ഹിന്ദി അധ്യാപി ക,SRG | ജൂൺ- ഫെബ്രുവരി |
| ഹിന്ദി ഭാഷയോടുള്ള അഭിരുചി വളർത്തിയെടുക്കുക | • പാഠഭാഗങ്ങൾ സംഭാഷണ രൂപത്തിലോ നൃത്തരൂപത്തിലോ ദൃശ്യാവിഷ്കാരം ചെയ്യാനുള്ള അവസരം നൽകുക.<br>• ഹിന്ദിയിൽ പാടാനും പറയാനും എഴുതാനുമുള്ള അവസരങ്ങൾ കൊടുക്കുന്നതിനു വേണ്ടി ദിനാചരണങ്ങളിൽ അതുമായി ബന്ധപ്പെട്ട പോസ്റ്റർ രചന, പ്രസംഗം, കവിതാ രചന | ഹിന്ദി അധ്യാപി ക,SRG | ജൂൺ- ഫെബ്രുവരി |
| ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | • കുട്ടികളുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിയ്ക്കുക<br>• നിത്യജീവിതത്തിൽ ഉപയോഗിയ്ക്കുന്ന വാക്യങ്ങൾ ഹിന്ദിയിൽ ക്ലാസിൽ പറയിപ്പിക്കുക<br>• പാഠഭാഗങ്ങൾ സംഭാഷണ രൂപത്തിൽ അവതരിപ്പിയ്ക്കുക | ഹിന്ദി അധ്യാപി ക,SRG | ജൂൺ- ഫെബ്രുവരി |

GMUPS Karumangalam 2025-26

| | | | |
|---|---|---|---|
| ഹിന്ദിയുടെ പ്രാധാന്യം മനസ്സിലാക്കുക | - ഹിന്ദി അസംബ്ലി: പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ പാരായണം, മഹത് വചനങ്ങൾ എന്നിവ ഹിന്ദിയിൽ നടത്തുക<br>- ഹിന്ദി ദിനാചരണം: ഹിന്ദിയിൽ പോസ്റ്റർ രചന, പ്രസംഗം, കവിതാ ലാവനം, കവിതാ രചന തുടങ്ങി മത്സരങ്ങൾ നടത്തും<br>- ഹിന്ദി ക്ലബ്ബ് രൂപീകരിച്ച് പാഠഭാഗവുമായി ബന്ധപ്പെട്ടപ്രവർത്തനങ്ങളും ദിനാചരണ പ്രവർത്തനങ്ങളും നടത്തും | ഹിന്ദി അധ്യാപിക,SRG | ജൂൺ- ഫെബ്രുവരി |

## ഉർദു അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

പഠനലക്ഷ്യങ്ങൾ എല്ലാ കുട്ടികൾക്കും ഉറുദു രസകമായും ആസ്വദകരമായും ഫലപ്രദമായും എഴുതുവാനും വായിക്കുവാനും സംസരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക. ഉർദു ഭാഷ പഠനം ലളിതവും രസകരവും ആകർഷകവുമായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക . ഉറുദു ഭാഷ പഠനത്തിലൂടെ കുട്ടികളുടെ സംസ്കാരവും ദേശസ്നേഹവുംവളർത്തിയെടുക്കുന്ന ത്തിലൂടെ എല്ലാമേഖകളിലും വിജയം കൈവരിക്കാൻ കഴിയുന്നു വിദ്യാലയങ്ങളിൽ മറ്റു ഭാഷകളോടൊപ്പം ഉർദു ഭാഷാന്തരീക്ഷം ഉണ്ടാക്കുക.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| ഉറുദു ഭാഷാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക ഭാഷയിലെ ഒരു പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും വ്യത്യാസം മനസ്സിലാക്കി ഉപയോഗിക്കുക | 1. ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു . അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ മെറ്റീരിയലുകൾ നൽകുന്നു<br>2. അക്ഷര ബോധം ഉറപിക്കൽ ഉറുദു പദങ്ങൾ അക്ഷര കാർഡ് കാണിച്ച് അക്ഷരം ഉറപ്പിക്കുന്നു ഉറുദുവിൽ തിരിച്ചറിയൽ കാർഡ് തയ്യാറാക്കുന്നു | ഉറുദു അധ്യാപിക | (3 മാസം) |
| Meetty ബോലി... മധുര വായന | - കുട്ടികളിൽ വായനാ ശേഷി വർദ്ധിപ്പിക്കുക . ഉർദു ഭാഷാ ശേഷിയും വായനയും വളർത്തിയെടുക്കുക.<br>- അക്ഷര കൂട്ടം, വാക്യ ചങ്ങല,വായനാ കാർഡ് നിർമ്മാണം,ചിത്ര വായനാ, ഏക്ക് ദിൻ ഏക്ക് ഹുറൂഫ്,ആഴിച്ചയിൽ ഒരു വാചകം,മാസത്തിൽ ഒരു ചെറിയ വിവരണം ., ചുമർപാത്രിക,ലൈബ്രറി ദിനാചരണത്തിൽ വായനാ മത്സരം പോസ്റ്റർ നിർമ്മാണം. | ഉറുദു അധ്യാപിക | 6 മാസം |
| സർഗാത്മകത ഉർദു ഭാഷാ ശേഷിയും സർഗാത്മകതയും വളർത്തിയെടുക്കുക . കഥ കവിത സംഭാഷണം വിവരണം തുടങ്ങിയ വ്യവഹാര രൂപങ്ങൾ മെച്ചപ്പെടുത്തുക | ● ദിനചരവുമായി ബന്ധപ്പെട്ട് കഥ കവിത സംഭാഷണം വിവരണം തുടങ്ങിയവ ഉൾപെടുത്തി മത്സരങ്ങൾ സംഘടിപ്പിക്കുന്നു.. എല്ലദിനചരണങ്ങളിലും പോസ്റ്റർ ചിത്രരചന വായനാ കാർഡ് നിർമ്മാണം തുടങ്ങിയ മത്സരങ്ങൾ നടത്തുന്നു | ഉറുദു അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |

GMUPS Kommangalam 2025-26

| | | | |
|---|---|---|---|
| ഉർദു ഭാഷാ പരിപോഷണവും ഉറുദു വിൽ ദിനാചരണങ്ങളെ കുറിച്ചുള്ള അറിവും ബോധവും വളർത്തുന്നു. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവരണങ്ങളും ചിത്രങ്ങളും ശേഖരിച്ച് പതിപ്പ് പോസ്റ്റർ നിർമ്മിക്കൽ . ഏറ്റവും നല്ല പോസ്റ്ററിന് സമ്മാനം നൽകുന്നു എല്ലപോസ്റ്ററുകളും പ്രദർശിക്കുകയും ചെയ്യുന്നു | ഉറുദു അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| ഖസാനെ. എ. ഇൽമേ.. (യുഎസ്എസ് പഠനം,, ഉർദു ടാലന്റ് ടെസ്റ്റ് ) | • uss ടാലന്റ് ടെസ്റ്റ്പരീക്ഷക്ക് ഉതകുന്ന വിധത്തിൽ കുട്ടികളെ ഒരുക്കുക . സ്കോളർഷിപ്പ് പരീക്ഷക്ക് പൊതു ചോദ്യങ്ങൾ പഠിപ്പിച്ചിരുക്കുക . (പൊതുവായും ഉർദു വിലുള്ളതുമായ പൊതുവിജ്ഞാനം ) | ഉറുദു അധ്യാപിക | |
| മേരെ അൽഫാസ് സാധനങ്ങൾ പരിചയ പെടൽ ഉർദു കയ്യെഴുത്ത് മാഗസിൻ | സാധങ്ങളുടെ പേരുകൾ എഴുതി കാർഡുകൾ ആക്കി പ്രദർശിപ്പിക്കുന്നു (പച്ചക്കറി, വൃക്ഷങ്ങൾ,പഴങ്ങൾ, വാഹനങ്ങൾ, മൃഗങ്ങൾ,പക്ഷികൾ) . രചനാ ശേഷി വളർത്തൽ ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കയ്യെഴുത്ത് എന്നീ ലക്ഷ്യ പൂർത്തികരണത്തിനും കുട്ടികളെ സർഗാത്മകത വളർത്തുന്നതിനും വേണ്ടി മാസിക.മികച്ച സൃഷ്ടികൾ കൂട്ടിച്ചേർത്ത് മാഗസിൻ | ഉറുദു അധ്യാപിക | അതാത് പാഠഭാഗത്ത് നിന്നും |

## അറബി അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| മുന്നറിവ് അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക . ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക | ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ മെറ്റീരിയലുകളും നൽകുന്നു.<br>**ഭൗതികം -**<br>പ്രീ ടെസ്റ്റ് ടൂളുകൾ<br>പുസ്തകങ്ങൾ<br>റീഡിങ്ങ് കാർഡുകൾ | അറബിക് അദ്ധ്യാപകർ<br>അറബിക് ക്ലബ് | മൂന്ന് മാസം |
| അറബി ഭാഷയോടുള്ള താൽപര്യവും ഇഷ്ടവും കുട്ടികളിൽ വളർത്തൽ | ഡോക്യുമെന്ററി പ്രദർശനം, അറബി ഭാഷാ കാർട്ടൂൺ ഷോർട്ട് ഫിലിം കുട്ടികൾക്ക് പ്രദർശിപ്പിക്കുന്നു.<br>**ഭൗതികം -** ഐ.സി.ടി ഉപകരണങ്ങൾ | | ജൂൺ _ മാർച്ച് |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരങ്ങളും പരിശീലനവും നൽകുന്നു | കലോത്സവ വേദികളിലേക്കും മറ്റും പ്രതിഭകളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലന പരിപാടികൾ നൽകുകയും ചെയ്യുന്നു.<br>**ഭൗതികം -** മഃഗസിനുകൾ, പുസ്തകങ്ങൾ, വീഡിയോകൾ | അറബിക് അദ്ധ്യാപകർ<br>അറബിക് ക്ലബ് | ഒരു വർഷം |

GMUPS Kannamangalam 2025-26

| | | | |
|---|---|---|---|
| അറബി ഭാഷയിലെ പദ സമ്പത്ത് വർദ്ധിപ്പിക്കൽ<br>പദങ്ങളുടെ പ്രയോഗം മനസ്സിലാക്കൽ<br>മറ്റുഭാഷകളിൽ സാധാരണ വരുന്ന പദങ്ങളുടെ അറബി വാക്കുകൾ കണ്ടെത്തൽ. | ഓരോ ദിവസവും ഒരു പദവും അതിന്റെ ഇംഗ്ലീഷ് മലയാളം പദങ്ങളും അടങ്ങിയ ചാർട്ട് നോട്ടീസ് ബോർഡിൽ പതിപ്പിക്കുന്നു 'കുട്ടികൾ പകർത്തി എഴുതുന്നു. ഇടവേളകളിൽ ഇതിന്റെ മത്സരം നടത്തി മ വിജയികൾക്ക് പ്രത്യേക സമ്മാനം നൽകുന്നു.<br>**ഭൗതികം -** നോട്ടീസ് ബോർഡിലൂടെ കുട്ടികൾക്ക് നൽകുന്ന പദങ്ങളുടെ ലിസ്റ്റ് | അറബിക് അദ്ധ്യാപ കർ<br>അറബിക് ക്ലബ് | ജൂൺ - ഡിസംബർ |
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ കുട്ടികളുടെ വായന ശൈലിയും ശേഷിയും വർദ്ധിപ്പിക്കൽ | ചിത്രങ്ങൾ ,ലഘു കവിതകൾ കഥകൾ സംഭാഷണം കുറിപ്പുകൾ  വിവരണങ്ങൾ അടങ്ങിയ ചെറിയ കൈയ്യെഴുത്ത് മാഗസിനുകൾ തയ്യാറാക്കുന്നു. | അറബിക് ക്ലബ് | ജൂൺ - മാർച്ച് |
| കുട്ടികളിൽ വായനാ ശൈലിയും ശേഷിയും വർദ്ധിപ്പിക്കൽ | വായന മാസാചരണം, അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് വായനമത്സം' സംഘടിപ്പിക്കുന്നു. | | ജൂൺ , ജൂലൈ ,ഡിസംബർ |
| വ്യത്യസ്ത പ്രധാന ദിവസങ്ങളെ കുറിച്ച് അറബി ഭാഷയുമായി ബന്ധപ്പെടുത്തി കുട്ടികളിൽ അവബോധം സൃഷ്ടിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുക പോസ്റ്ററുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം ,മറ്റു മത്സരങ്ങളും സംഘടിപ്പിക്കുന്നു<br>**ഭൗതികം -**  ചാർട്ട്, അസംബ്ലി, മറ്റു പരിപാടികൾ | അറബിക് ക്ലബ് | ജൂൺ - മാർച്ച് |
| ഭാഷാ പഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുകയുംവികസി പ്പിക്കുകയും ചെയ്യുക. | ഐ.ടി ഉപകരങ്ങളിലൂടെ അറബി ഭാഷാ ശൈലി കുട്ടികൾക്ക് മനസ്സിലാക്കുകയും ഭാഷാഡോ ക്യൂമെന്ററികളിലൂടെയും മറ്റും സംസാര രീതി മനസ്സിലാക്കി കൊടുക്കുന്നു | അറബിക് ക്ലബ് | ജൂൺ - മാർച്ച് വരെ |
| അറബി ഭാഷയുമായി ബന്ധപ്പെടുത്തി പൊതു വിജ്ഞാനങ്ങളിലും ആനുകാലിക വിഷയങ്ങളിലും കുട്ടികൾക്ക് അവബോധം ഉണ്ടാക്കൽ' | വിവിധ മത്സര പരീക്ഷകൾക്ക് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുകയും മോഡൽ പരീക്ഷകൾ നടത്തി കുട്ടികളെ പ്രാപ്തരാക്കുന്നു.<br>**ഭൗതികം-** പാഠപുസ്തകങ്ങൾ, മറ്റു ആനുകാലികങ്ങൾ | അറബിക് ക്ലബ് | ജൂൺ-മാർച്ച് |
| അറബി ഭാഷാ എഴുത്ത് ശൈലിയും കാലിഗ്രാഫിയും പരിശീലിക്കൽ | കുട്ടികൾക്ക് കാലിഗ്രാഫി പരിശീലനവും കൈയ്യെഴുത്ത് പരിശീലനവും നൽകുന്നു | | ഡിസംബർ |

GMUPS Kannamangalam 2025-26

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നതിന് പ്രവൃത്തി പഠന വിദ്യാഭ്യാസം അനിവാര്യമാണ്. കുട്ടിയും സമൂഹത്തിനും ആവശ്യമായി അടിസ്ഥാന ജീവിതഘടകങ്ങളായി ആഹാരവും കൃഷിയും, ആഹാരം ആരോഗ്യ-ത്തിന്, വസ്ത്രകല, പാർപ്പിടം, വിനോദം സേവനങ്ങൾ, പാഴ്വസ്തു പരിപാലനം ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ധനകാര്യം മാധ്യമങ്ങളും വിനോദവും എന്നിങ്ങനെയുള്ള മേഖലകൾ ഉൾപ്പെടുത്തിയാണ് പാഠ്യപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| സ്കൂളിൽ പഠിക്കുന്ന ഓരോ കുട്ടിയും പത്താം ക്ലാസ്സ് കഴിയുമ്പോഴേക്കും ഒരു തൊഴിൽ പൂർണമായി പഠിച്ചു പുറത്തേക്ക് വിടുക കുട്ടിയുടെതായ ആവശ്യത്തിന് എങ്കിലും സാമ്പത്തികഭദ്രത കൈവരുത്തുകയും എന്നതാണ് ലക്ഷ്യം | എല കുട്ടികളിലുമുള്ള കഴിവുകൾ എന്തെല എന്ന് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br>• ഗ്രോ ബാഗ് നിർമ്മാണം (പഴയ പാന്റ് സുകൾ) ലംബ കൃഷി<br>• പ്ലമിംഗ് (ലംബ കൃഷിക്ക് ആവശ്യമായ വെള്ളം എത്തിക്കാൻ)<br>• പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള വസ്തുക്കളുടെ നിർമ്മാണം<br>• പലതരം വർണ്ണ പേപ്പറുകൾ ഉപയോഗിച്ചുള്ള പൂക്കൾ നിർമ്മിക്കുക.<br>• മുത്തുകൾ കൊണ്ടുള്ള നിർമ്മാണം<br>• ചിത്ര തുന്നൽ<br>• വെജിറ്റബിൾ പെയിൻറിംഗ് (മെറ്റീരിയൽ)<br>• ഇലക്ട്രിക്കൽ വയറിങ്<br>• ഫാബ്രിക് പെയിൻറിംഗ്<br>• ലോഹത്തകിടിൽ കൊത്തുപണി<br>• Pot painting/glass painting<br>• സോപ്പ് നിർമ്മാണം /Hand wash നിർമ്മാണം<br>• പേപ്പർ ബാഗ് നിർമ്മാണം തുണി | W.E teacher<br>വിദഗ്ധര്<br>വിദഗ്ധര് | Starting of June |

## കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| കലാപരമായ കഴിവ് വികസിക്കുന്നതിന് | • അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു.<br>• നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു. | A.E teacher | Starting of June |
| വിവിധ കലാരൂപങ്ങളെ കുറിച്ചുള്ള ധാരണക്കുറവ് | വിവിധ കലാരൂപങ്ങളെ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു. | | Starting of June |

GMUPS Kanamangalam 2025-26

| | | | |
|---|---|---|---|
| പ്രാദേശികമായ കലാകാരന്മാരുടെ സേവനം ലഭ്യമാകുന്നില്ല | • നാടൻ പാട്ട്<br>• ചെണ്ടമേളം<br>• ചിത്രരചന | | Starting of June |

## ആരോഗ്യ- കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം. | കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക | 2025 ജൂൺ -2026 മാർച്ച് | PTA and Staff |
| കുട്ടികൾക്ക് താല്പര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നില്ല. | താല്പര്യമുള്ള ഇനങ്ങളിൽ വിദഗ്ധ പരിശീലനം. | 2025 ജൂൺ -2026 മാർച്ച് | PTA and Staff |
| കുട്ടികളിൽ കായികക്ഷമതയുടെ കുറവ് | • യോഗ ക്ലാസുകൾ സംഘടിപ്പിക്കുക.<br>• പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക.<br>• സ്പോർട്സ് ക്യാമ്പുകൾ സംഘടിപ്പിക്കുക.<br>• കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്തു ആവശ്യമായ പരിശീലനം നൽകുക.<br>• ലഘുവ്യായാമങ്ങൾ,<br>• സുംബാ പരിശീലനം, എയ്റോബിക് വ്യയാമം, നാടൻ കളികൻ | 2025 ജൂൺ മുതൽ | PTA and Staff |
| കായിക താരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. | കായിക പ്രതിഭകളെ ആദരിക്കൽ | ആവശ്യാനുസരണം | PTA and Staff |
| പ്രഥമ ശുശ്രൂഷയെ കുറിച്ചുള്ള ധാരണക്കുറവ്. | വിദഗ്ധരുടെ ക്ലാസുകൾ | വർഷത്തിലൊരിക്കൽ | ആരോഗ്യ ക്ലബ്ബ് |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരമില്ല. | ആരോഗ്യ ക്ലാസുകൾ,ബോധവൽക്കരണം. | വർഷത്തിലൊരിക്കൽ | ആരോഗ്യ ക്ലബ്ബ് |

GMUPS Karamangalam 2025-26

GMUPS Kannamangalam 2025-26